# മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

# സോഷ്യൽ ഓഡിററ് സൊസൈററി, കേരള.

ആലപ്പുഴ ജില്ല

## സോഷ്യൽ ഓഡിററ് റിപ്പോർട്ട്

1/10/2018 - 31/03/2019

| | |
|---|---|
| ബ്ലോക്ക് | കഞ്ഞിക്കുഴി |
| ഗ്രാമ പഞ്ചായത്ത് | തണ്ണീർമുക്കം |
| വാർഡ് | 10, കണ്ണങ്കര |

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 3 |
| സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ | 4 |
| 7 രജിസ്റ്ററുകൾ | 7 |
| ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ | 9 |
| ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ | 14 |
| അവകാശനിഷേധങ്ങൾ | 20 |
| നിരീക്ഷണങ്ങളും കണ്ടെത്തലുകളും | 21 |
| ഗ്രാമസഭ മിനുട്സ് | 22 |

## സോഷ്യൽ ഓഡിറ്റ്

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ അവയുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും അതിലൂടെ ഉണ്ടായ സാമൂഹ്യനേട്ടവും, പ്രശസ്തിയും എത്രമാത്രമാണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും, കണക്കെടുപ്പും,പരിശോധനയും,വിലയിരുത്തലുമാണ് സോഷ്യൽ ഓഡിറ്റ്. പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതുപദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതു ഭരണം ജനസൌഹാർദ്ദപരമാക്കുന്നതിനും വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ്.

മറ്റ് പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.

സോഷ്യൽ ഓഡിറ്റിനുവേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിൻറെ ചുമതലകളാണ്.

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്(as per G.O (Rt) No.3906/2015/LSGD,Dated 30.12.2015) 31.01.2017 ൽ നിലവിൽ വന്നു. യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955(No.TVM/TC/123/2017) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

തണ്ണീർമുക്കം പഞ്ചായത്ത് വാർഡ് 10-ൽ 1/10/2018 മുതൽ 31/03/2019 വരെ പൂർത്തീകരിച്ച 18 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

| സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് & കോഡ് | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്ററിമേററ് തുക | ചെലവായ തുക |
| 1 | ഹരിതശ്രീ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ (IF/349962) | 26/07/2018 | 18/03/2019 | 441835 | 355132 |
| 2 | ഹരിതശ്രീ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേറേഷൻ (IF/346879 ) | 26/07/2018 | 25/03/2019 | 40 2164 | 366785 |
| 3 | ഭാവന ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്ററഷൻ പാർട്ട് 1 ( IF/348142 ) | 26/07/2018 | 26/05/2019 | 435905 | 378125 |
| 4 | ഭാവന ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 2 (IF/348141 ) | 26/07/2018 | 19/03/2019 | 405438 | 251568 |
| 5 | അനുഗ്രഹ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ ( IF /346850 ) | 26/07/2018 | 19/03/2019 | 402892 | 384671 |
| 6 | അനുഗ്രഹ ഗ്രൂപ്പ് ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് - 3 (IF/347513 ) | 26/07/2018 | 24/03/2019 | 464372 | 325822 |

| | | | | | |
|---|---|---|---|---|---|
| 7 | അർച്ചന കുടുംബശ്രീ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട് 1 (IF/348904) | 26/07/2018 | 17/03/2019 | 306395 | 300619 |
| 8 | അർച്ചന ഗ്രൂപ്പിന് ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട് 2 (1611007005/IF/348902) | 26/07/2018 | 13/03/2019 | 307123 | 291676 |
| 9 | ഭാരത്മാതാ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ (IF/346844) | 26/07/2018 | 23/03/2019 | 371515 | 344021 |
| 10 | സൗഹൃദയ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ (IF/348214 ) | 26/07/2018 | 06/03/2019 | 494229 | 455360 |
| 11 | ഹരിതം ഗ്രൂപ്പ് ബ്ലോക്ക് പ്ലാന്റഷൻ (/IF /348218) | 26/07/2018 | 15/03/2019 | 374243 | 350483 |
| 12 | ദീപ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റെഷൻ ( IF/347699 ) | 26/07/2018 | 20/03/2019 | 371879 | 330287 |
| 13 | പുനർജനി പദ്ധതിയുമായി സംയോജിപ്പിച്ചു പീച്ചനാട് പ്രദേശത്തെ വീടുകളിൽ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ (IF/371578) | 20/11/2018 | 03/12/2018 | 330494 | 286176 |
| 14 | പുനർജനി പദ്ധതിയുമായി സംയോജിച് കണ്ണങ്കര പ്രേദേശത്തെ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ(IF/371577) | 20/11/2018 | 03/12/2018 | 330494 | 296474 |

| | | | | | |
|---|---|---|---|---|---|
| 15 | കണ്ണങ്കര ഭാഗം വേപ്പിൻ തൈ നേഴ്സറി ( IF/270199) | 16/08/2018 | 17/03/2019 | 436923 | 370350 |
| 16 | കണ്ടനാട് ഭാഗം വേപ്പിൻതൈ നഴ്സറി ( DP/270198 ) | 16/08/2018 | 27/03/2019 | 437983 | 417504 |
| 17 | ടോയ്ലറ്റ് കൺസ്ട്രക്ഷൻ -ജയ സജീവൻ (IF/335077 ) | 18/09/2018 | 01/10/2018 | 33781 | 12000 |
| 18 | ചന്ദ്രമതി കൈതക്കാട് ടോയ്ലററ് നിർമാണം RS/335710 | 23/10/2018 | 05/11/2018 | 33781 | 12000 |

# 7 രജിസ്റ്ററുകൾ

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ( 2005 ) പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കണ്ടതാണ്.

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ
2. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവിശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. മെറ്റീരിയൽ രജിസ്റ്റർ

**പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ:**

1. *തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ :*
   - സെക്രട്ടറി സെർട്ടിഫൈ ചെയ്ത കവർപേജ് ഉണ്ടായിരുന്നു.
   - പാർട്ട് എ, ബി, സി & ഡി എന്നീ ഫോർമാറ്റുകൾ എം.ഐ.എസിൽ നിന്നും പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടുണ്ട്

2. *സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ :*
   - കവർപേജ് ഉണ്ട്.
   - 2018 മേയ് 10ന് ഗ്രാമസഭ നടത്തിയതിന്റെ മിനിറ്റ്സ് രേഖപ്പെടുത്തിയിരുന്നു. മിനിറ്റ്സ്പ്രകാരം 120 പേർ പങ്കെടുത്ത ഗ്രാമസഭയിൽ 2018-2019 വർഷം

ഏറ്റെടുക്കാൻ കഴിയുന്ന വ്യക്തിഗത ആനുകുല്യങ്ങളും ,വ്യക്തിഗതഗുണഭോക്താക്കളുടെ പേരുവിവരങ്ങളും രേഖപ്പെട്ടുത്തിയിട്ടുണ്ട്.

3. *തൊഴിൽ ആവിശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ :*
   - കവർപേജ് ഉണ്ട്.
   - എം.ഐ.എസ് പകർപ്പ് സുക്ഷിച്ചിട്ടുണ്ട്.
4. *പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - എം.ഐ.എസ് പകർപ്പ് സുക്ഷിച്ചിട്ടുണ്ട്.
5. *സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - വാർഡുകളിലെ സൈറ്റുകളും ചെയ്തിരിക്കുന്ന വർക്കുകളും രേഖപെടുതിയിട്ടുണ്ട്
6. *പരാതി രജിസ്റ്റർ*
   - പരാതി *രജിസ്റ്റർ സുക്ഷിക്കുന്നില്ല.*
   - ഓൺലൈൻ ആയിട്ടാണ് പരാതികൾ അയക്കുന്നത്.
7. *മെറ്റീരിയൽ രജിസ്റ്റർ*
   - കവർപേജ് ഉണ്ട്.
   - എം.ഐ.എസിൽ നിന്നും വിവരങ്ങൾ പ്രിന്റെടുത്ത് സുക്ഷിച്ചിട്ടുണ്ട്

## ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

**1. കവർപേജ്:**

AMC പ്രകാരമുള്ള കവർ പേജ്, പരിശോധിച്ച 18 ഫയലുകളിലും ഉണ്ടായിരുന്നു.പ്രവർത്തിയുടെപേര്, പ്രവർത്തി അംഗീകരിച്ച വർഷം, ലൊക്കേഷൻ, പദ്ധതി നിർവ്വഹണ ഏജൻസി, കാറ്റഗറി,പഞ്ചായത്ത്, വില്ലേജ്,അസംബ്ലി നിയോജകമണ്ഡലം എന്നീ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

ചില ഫയലുകളിൽ പ്രവൃത്തി ആരംഭിച്ച തിയതി, അവസാനിച്ച തീയതി, എസ്റ്റിമേറ്റ് തുക,ചിലവായ തുക ,മേറ്റിന്റെ പേര് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മേറ്റിന്റെ പേര് രേഖപ്പെടുത്തേണ്ട സ്ഥാനത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ പേരാണ് ഉണ്ടായിരുന്നത്.

ജിയോടാഗ്,സാങ്കേതിക വിദഗ്ദ്ധന്റെ പേര്, സോഷ്യൽ ഓഡിറ്റ് എന്നീ രേഖപ്പെടുത്തലുകൾ 18 ഫയലിലും ഉണ്ടായിരുന്നില്ല.

**2. ചെക്ക് ലിസ്റ്റ്:**

18 ഫയലിലും പേജ് നമ്പർ രേഖപ്പെടുത്തിയ ചെക്ക ലിസ്റ്റ് ഉണ്ടായിരുന്നില്ല.

**3. വാർഷിക കർമ്മ പദ്ധതി:**

ആക്ഷൻ പ്ലാനിൽ പദ്ധതിയുടെ പേര് ഉൾപ്പെടുന്ന പേജിന്റെ പകർപ്പ് 5 ഫയലുകൾ ഒഴികെ ബാക്കി എല്ലാ ഫയലിലും ഉണ്ടായിരുന്നു.

1) ഭാരത്മാതാ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ (IF/346844)
2) സഹൃദയ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ ( IF/348214 )
3) ഹരിതം ഗ്രൂപ്പ് ബ്ലോക്ക് പ്ലാന്റഷൻ (IF /348218)
4) ഹരിതശ്രീ ഗ്രൂപ്പിന്റെ ബ്ലോക്ക് പ്ലാന്റേഷൻ (IF/349962)
5) അനുഗ്രഹ ഗ്രൂപ്പ് ബ്ലോക്ക് പ്ലാന്റെഷൻ പാർട്ട് - 3 (IF/347513 )

**4. എസ്റ്റിമേറ്റ്*:***

കവർ പേജ്, വിശദമായ എസ്റ്റിമേറ്റിൽ അക്രഡിറ്റഡ് എൻജിനിയർ തിയതിയില്ലാതെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.
റേറ്റ് അനാലിസിസ്,എസ്ടിമേറ്റ് റിപ്പോർട്ട്,ഡ്രോയിംഗ് ആൻഡ് ഡിസയിൻ,സർവേ ഡാറ്റ എന്നിവ ഉണ്ടായിരുന്നില്ല. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ആയിരുന്നില്ല.

പ്രവർത്തി എവിടെയൊക്കെ നടക്കുന്നുവെന്നുള്ള സർവെ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നു.

**5. സാങ്കേതികാനുമതി:**

സാങ്കേതികാനുമതിയിൽ LSGD,AE എന്നിവർ തീയതിയില്ലാതെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.

**6. ഭരണാനുമതി:**

പഞ്ചായത്ത് കമ്മറ്റിയുടെ ഭരണാനുമതിയിൽ സെക്രട്ടറിയുടെഒപ്പ്, സീൽ, തീയതി എന്നിവ രേഖപ്പെടുത്തിയിരുന്നില്ല.

**7. സംയോജിത പദ്ധതിയുടെ വിവരങ്ങൾ**:

സംയോജിത പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും ഫയലിൽ ഉണ്ടായിരുന്നില്ല.

**8. ഡിമാന്റ് ഫോറം:**

അനുഛേദം 3Bപ്രകാരമുള്ള ഡിമാന്റ് ഫോറം ഒരു ഫയലിലും ഉണ്ടായിരുന്നില്ല. ഗ്രൂപ്പായി തൊഴിൽ ആവശ്യപ്പെടുന്ന ഫോമിൽ തീയതി രേഖപ്പെടുത്തുകയോ, കൈപ്പറ്റ് രസീത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ചില ഫയലുകളിൽ ഡിമാന്റ് ചെയ്യാത്ത ആളുകൾ തൊഴിൽ ചെയ്തതായി കാണുന്നു .

പുനർജനി പദ്ധതിയുമായി സംയോജിപ്പിച്ചു പീച്ചനാട് പ്രദേശത്തെ വീടുകളിൽ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ (IF/371578) - 31പേർ ഡിമാണ്ട് ചെയ്തു 46 പേർ അല്ലോക്കെഷനിൽ വന്നു.

**9. വർക്ക് അലോക്കേഷൻ ഫോറം:**

അനുഛേദം 4 പ്രകാരമുള്ള വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നില്ല. തിയതി രേഖപ്പെടുത്തിയിട്ടില്ലായിരുന്നു.

**10. E-മസ്റ്റർ റോൾ:**

BDO,പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ ഒപ്പും സീലും മിക്ക മസ്ട്രോളുകളിലും ഉണ്ടായിരുന്നു. തീയതി ഉണ്ടായിരുന്നില്ല.

തൊഴിൽ ചെയ്ത തിയതി, ആകെ തൊഴിൽ ചെയ്ത ദിനങ്ങൾ, ആകെ വേതനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

തൊഴിലുപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നില്ല. ചില മസ്ട്രോളുകളിൽ തിരുത്തലുകൾ ഉണ്ടായിരുന്നു.അക്രെടിററ് എൻജിനീയറും ഓവർസിയറും തീയതിയില്ലാതെ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

**11.എം ബുക്ക്**:

പരിശോധിച്ച എല്ലാ ഫയലിലും M. Book ഉണ്ടായിരുന്നു. സെക്രട്ടറി സെർട്ടിഫയ് ചെയ്തിരുന്നില്ല. M.book നമ്പർ രേഖപ്പെടുത്തിയിരുന്നു. അക്രഡിറ്റഡ് എൻജിനീയർ, ഓവർസിയർ, എന്നിവർ ഒപ്പും സീലും രേഖപ്പെടുത്തുകയും അക്രഡിറ്റഡ് എൻജിനീയർ തുക പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

എസ്റ്റിമേറ്റ് തുകയും യഥാർത്ഥചിലവും തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തിയിട്ടില്ല.

**12. മെറ്റീരിയൽവാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ:**

മെറ്റീരിയൽ ഉൾപ്പെട്ട പ്രവർത്തി ഫയലുകൾ( സിറ്റിസൺ ഇൻഫോർമേഷൻ ബോഡ് ഒഴികെ) പരിശോധിച്ചിട്ടില്ല.

**13. വേജ് ലിസ്റ്റ്:**

മസ്റ്ററോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് ചില ഫയലുകളിൽ ഉണ്ടായിരുന്നില്ല.

1. **സഹൃദയ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ** ( IF/348214 )
   - 4 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.
2. **ഹരിതം ഗ്രൂപ്പ് ബ്ലോക്ക് പ്ലാന്റഷൻ** (1611007005 /IF /348218)
   - 4 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.
3. **പുനർജനി പദ്ധതിയുമായി സംയോജിപ്പിച്ചു പീച്ചനാട് പ്രദേശത്തെ വീടുകളിൽ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ** (IF/371578).
   - 4 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.

4. **ഹരിതശ്രീ ഗ്രൂപ്പിന്റെ ബ്ലോക്ക് പ്ലാന്റേഷൻ** (IF/349962)
- 8 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല.

5. **കണ്ണങ്കര ഭാഗം വേപ്പിൻ തൈ നേഴ്സറി** ( IF/270199)
- 11 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല

6. **ദീപ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റെഷൻ** ( IF/347699 )
- 4 മസ്റ്ററോളുകളുടെ വേജ് ലിസ്റ്റ് ഇല്ല

**14. FTO:**

വേജ് ലിസ്റ്റ് പ്രകാരമുള്ള FTO എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല.

**15 .മെറ്റീരിയൽ വൗച്ചർ & ബിൽ:**

മെറ്റീരിയൽ ഇനത്തിൽ ബോർഡ്, വളം എന്നിവ ഉൾപ്പെടുത്തിയതിന്റെ ബിൽ ഉണ്ടായിരുന്നു.

**16. റോയൽറ്റി:**

റോയൽറ്റി നൽകേണ്ട പ്രവർത്തി ഫയലുകൾ പരിശോധിച്ചിട്ടില്ല.

**17.പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ:**

പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം:**

പരിശോധിച്ച എല്ലാ ഫയലുകളിലും അപൂർണ്ണമായിട്ടുള്ള പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രമാണ് ഉണ്ടായിരുന്നത്.

**19. മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്:**

മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പിൽ എല്ലാ മസ്ട്രോളുകളും രേഖപ്പെടുത്തിയിരുന്നില്ല.

**20. ജിയോടാഗ് ഫോട്ടോഗ്രാഫ്:**

പരിശോധിച്ച എല്ലാഫയലിലും ഉണ്ടായിരുന്നു.

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്:**

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**22. സൈറ്റ് ഡയറി:**

8 ഫയലുകളിൽ സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

1. ഹരിതം ഗ്രൂപ്പ് ബ്ലോക്ക് പ്ലാന്റഷൻ (1611007005 /IF /348218)
2. പുനർജനി പദ്ധതിയുമായി സംയോജിപ്പിച്ചു പീച്ചനാട് പ്രദേശത്തെ വീടുകളിൽ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ (IF/371578).
3. ഹരിതശ്രീ ഗ്രൂപ്പിന്റെ ബ്ലോക്ക് പ്ലാന്റേഷൻ (IF/349962)
4. പുനർജനി പദ്ധതിയുമായി സംയോജിച് കണ്ണങ്കര പ്രേദേശത്തെ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ(IF/371577)
5. കണ്ണങ്കര ഭാഗം വേപ്പിൻ തൈ നേഴ്സറി ( IF/270199)
6. ഭാവന ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 2 (IF/348141 )
7. ഹരിതശ്രീ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാൻ്റേഷൻ ( IF/346879 )
8. ചന്ദ്രമതി കൈതക്കാട് ടോയ്ലററ് നിർമാണം RS/335710

സൈറ്റ് ഡയറി ഉണ്ടായിരുന്ന ഫയലുകളിൽ പ്രവർത്തിയുടെ പേര്,കോഡ്,അരഭിച്ച തിയതി,അവസാനിച്ച തിയതി,എസ്ടിമേറ്റ് തുക, ആകെ തൊഴിൽദിനങ്ങൾ, ഇനിഷ്യെറ്റീവ് വിശദാംശങ്ങൾ, VMC അംഗങ്ങളുടെ ഒപ്പ് എന്നീ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

സന്ദർശക കുറിപ്പ്, ചികിത്സാ ചിലവ് സംബന്ധിച്ച വിവരങ്ങൾ, വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ രേഖപ്പെടുത്തിയിരുന്നില്ല. VMC അംഗങ്ങൾ ബന്ധപ്പെട്ട മറ്റു ഉദ്യോഗസ്ഥർ പ്രവർത്തി സ്ഥലം സന്ദർശിച്ചതിന്റെ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

## ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

1. ഹരിതശ്രീ ഗ്രൂപ്പിന്റെ ബ്ലോക്ക് പ്ലാന്റേഷൻ (IF/349962)

എസ്റ്റിമേറ്റ് പ്രകാരം 2720ഫല- വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുവാൻ ആണ് പറഞ്ഞിരുന്നത് എന്നാൽ ഫീൽഡ് പരിശോധനയിൽ 3000 തൈകൾ കാണാൻ കഴിഞ്ഞു. നശിച്ചു പോകുന്നതിന് പകരമായി പുതിയവ നട്ടുപിടിപ്പിക്കുന്നുണ്ട്.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

. 2. ഹരിതശ്രീ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാൻ്റേഷൻ ( IF/346879 )

എസ്റ്റിമേറ്റ് പ്രകാരം 2710 തൈകൾ ആണ് നട്ട് പരിപാലിക്കാൻ ലക്ഷ്യമിട്ടിരുന്നത്. ഫീൽഡ് പരിശോധനയിൽ 1314 തൈകളാണ് കാണാൻ സാധിച്ചത്.

M പ്രകാരം 2710 തൈകൾ നട്ടു പിടിപ്പിക്കുന്നതിനുള്ള ചെലവ് രേഖപ്പെടുത്തിയിരുന്നു എന്നാൽ 1396 തൈകളുടെ കുറവ് ഫീൽഡ് തല പരിശോധയിൽ കാണാൻ കഴിഞ്ഞു. പ്രളയത്തിൽ നശിച്ചുപോയതായി തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

3. ഭാവന ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ പാർട്ട് 1 ( IF/348142 )

എസ്റ്റിമേറ്റ് പ്രകാരം 2380 നട്ടുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ലക്ഷ്യമിടുന്നു. M ബുക്ക് പ്രകാരം 14 വീടുകളിലായി 2010 തൈകൾ നട്ടുപിടിപ്പിച്ചതായി കാണാൻ കഴിഞ്ഞു. പ്രളയത്തിൽ തൈകൾ നഷ്ടപ്പെട്ടതായും പകരം തൈകൾ തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവിട്ട് വെക്കുകയുമാണ് ചെയ്തത്. വൃക്ഷതൈകൾ

പരിപാലിക്കുന്നതിൽ തൊഴിലാളികൾ വളരെയേറെ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

4. ഭാവന ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ പാർട്ട് 2 ( IF/348141 )

13 തൊഴിലാളികൾക്കായി 2210 വൃക്ഷ തൈകൾ അനുവദിച്ചിരുന്നു. നിലവിൽ 2066 തൈകൾ കാണാൻ സാധിച്ചു. 144തൈകൾ വെള്ളപ്പൊക്കത്തിൽ നശിച്ചു. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

5. അനുഗ്രഹ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റേഷൻ ( IF /346850 )

ആകെ 2210 തൈകളാണ് പദ്ധതി പ്രകരം ഉണ്ടാകേണ്ടത് എന്നാൽ എണ്ണത്തിൽ കൂടുതൽ കണ്ടെത്താൻ കഴിഞ്ഞു. വളരെയധികം വൃക്ഷത്തൈകൾ പ്രളയത്തിൽ നശിച്ചു പോയതായി അറിയാൻ കഴിഞ്ഞു. തൊഴിൽ കാർഡുകൾ വളരെ നല്ല രീതിയിൽ കൈകാര്യം ചെയ്തതായി കാണാൻ കഴിഞ്ഞു. എന്നാൽ ഈ വൃക്ഷത്തൈകൾ പല പല തൊഴിലാളികളുടെ വീട്ടിലായാണ് നട്ടിരിക്കുന്നത്.

പരിശോധനയിൽ 2312 വൃക്ഷത്തൈകൾ കണ്ടെത്താൻ കഴിഞ്ഞു. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

6. അനുഗ്രഹ ഗ്രൂപ്പ് ബ്ലോക്ക് പ്ലാൻ്റേഷൻ പാർട്ട് - 3 ( IF/347513 )

എസ്റ്റിമേറ്റ് പ്രകാരം 2550 തൈകൾ ആണ് നട്ടുപിടിപ്പിച്ച് പരിപാലിക്കേണ്ടത്. ഫീൽഡ് പരിശോധനയിൽ 1250 തൈകൾ നിലവിലുള്ളതായി കാണാൻ സാധിച്ചു.

M പ്രകാരം 2550 തൈകൾ നട്ടു പിടിപ്പിക്കുന്നതിനുള്ള ചെലവ് രേഖപ്പെടുത്തിയിരുന്നു എന്നാൽ 1300 തൈകളുടെ കുറവ് ഫീൽഡ്

തല പരിശോധയിൽ കാണാൻ കഴിഞ്ഞു. പ്രളയത്തിൽ നശിച്ചുപോയതായി തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

7. അർച്ചന കുടുംബശ്രീ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട് 1

(IF/348904)

പ്രളയ ബാധിത പ്രദേശമായതിനാൽ വൃക്ഷ തൈകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. എന്നാൽ അവ പരിഹരിക്കുന്നതിനായി തൊഴിലാളികൾ സ്വന്തം ചിലവിൽ വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 1700 തൈകൾ ആവശ്യമുള്ളിടത്ത് 1705 തൈകൾ കാണാൻ കഴിഞ്ഞു. തൊഴിലാളികൾ നഷ്ടം നികത്തനായി സ്വന്തം വീടിന്റെ വശങ്ങളിൽ പോലും തൈകൾ നട്ടു പിടിപ്പിച്ചിരുന്നു. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

8. അർച്ചന ഗ്രൂപ്പിന് ബ്ലോക്ക് പ്ലാൻറ്റേഷൻ പാർട്ട് 2
(1611007005/IF/348902)

10 തൊഴിലാളികൾ ആണ് ഈ വർക്ക് ഇൽ ഉൾപ്പെട്ടത്. 1700 വൃക്ഷ തൈകൾ ഉണ്ടേകേണ്ടിടത് 1683 തൈകൾ കാണാൻ സാധിച്ചു. ഇത് ഒരു പ്രളയബാധിത പ്രദേശമാണ്. അതിനാൽ തൈകൾ വെള്ളം കേറി നശിച്ചുപോയി. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

9. ഭാരതമാതാ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ (IF/346844)

എസ്റ്റിമേറ്റ് പ്രകാരം 2040 തൈകൾ വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ലക്ഷ്യമിടുന്നു. ഫീൽഡ് പരിശോധനയിൽ 10 തൊഴിലാളികൾ 170 തൈകൾ വീതം 1700 തൈകൾ നട്ടു. കായൽ പ്രദേശം ആയതിനാൽ പലതും പ്രളയത്തിൽ നശിക്കുകയും, പിന്നീട് തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവിട്ട് പുതിയ തൈകൾ

നടുകയുമാണു ഉണ്ടായത്. ഇനിയും നശിച്ചുപോകും എന്നുള്ളതിനാൽ 50 തോളം തൈകൾ കൂടുതലായി നട്ടിട്ടുണ്ട്.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

10 സഹൃദയ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റഷൻ ( IF/348214 )

എസ്റ്റിമേറ്റ് പ്രകാരം 2700 വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ലക്ഷ്യമിടുന്നു. ഫീൽഡ് പരിശോധനയിൽ 20 തൊഴിലാളികൾ ചേർന്ന് 3000 തോളം തൈകൾ നട്ടു. പ്രളയത്തിൽ നഷ്ടപ്പെട്ട തൈകൾക്ക് പകരം പുതിയ തൈകൾ തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവിട്ട് നടുകയാണ് ഉണ്ടായത്. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

11. ഹരിതം ഗ്രൂപ്പ് ബ്ലോക്ക് പ്ലാന്റഷൻ (1611007005 /IF /348218)

മാസ്റ്റർ റോൾ പ്രകാരം മൊത്തം 13 തൊഴിലാളികളാണ് വർക്കിൽ ഉൾപ്പെട്ടിരുന്നത്. കുറെയധികം തൈകൾ മഴയിലും പ്രളയത്തിലും നശിച്ചുപോയതായാണ് മനസിലാക്കുവാൻ സാധിച്ചത്. അതിനാൽ നഷ്ടപെട്ടവയ്ക് പകരമായി ഇപ്പോൾ വേപ്പിൻ തൈകൾ ആണ് കൂടുതലായി വച്ചിരിക്കുന്നത്. നിലവിൽ വേപ് 1028, മാതളം 428, പേര 322 എന്നിങ്ങനെ ആകെ മൊത്തം 1778 ചെടികളാണ് ഉള്ളത്.

പ്ലാന്റേഷൻ വർക്കുകളിൽ ഏറ്റവും കൂടുതൽ ചെടികൾക്ക് വളർച്ച ഉണ്ടായിരുന്നത് ഈ പ്ലാൻറ്റേഷനിൽ ആണ്. 14/10/19ൽ വേപ്പിന്റെ വിളവെടുപ്പ് നടന്നതായി അറിയാൻ കഴിഞ്ഞു. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

12. ദീപ ഗ്രൂപ്പിന് ബ്ലോക്ക് പ്ലാന്റെഷൻ ( IF/347699 )

ആകെ 1870 തൈകൾ അനുവദിച്ചിരുന്നു. 1000 ഓളം തൈകൾ വെള്ളപൊക്കത്തിലും പ്രളയത്തിലും നശിച്ചു പോയി. തൊഴിലാളികൾ

പുതിയ തൈകൾ നട്ടു പരിപാലിക്കുന്നു. നിലവിൽ 1910 തൈകൾ സംരക്ഷിക്കുന്നു. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

13. പുനർജനി പദ്ധതിയുമായി സംയോജിപ്പിച്ചു പീച്ചനാട് പ്രദേശത്തെ വീടുകളിൽ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ (IF/371578).

മൊത്തം 46 തൊഴിലാളികൾ ആണ് പുനർജനി പദ്ധതിയിൽ വർക്ക് ചെയ്തിരുന്നത്. വർക്ക് കഴിഞ്ഞു ഏകദേശം 9 മാസത്തോളം ആയതിനാൽ ഫീൽഡ് വിസിറ്റിൽ കാര്യമായിട്ട് ഒന്നും കാണാൻ കഴിഞ്ഞില്ല. പച്ചക്കറിയുടെ ഒക്കെ വിളവെടുപ്പ് കഴിഞ്ഞിരുന്നു. എങ്കിലും ചില വീടുകളിൽ കുറച്ചു ചെടികൾ കാണാൻ കഴിഞ്ഞു. വെണ്ട,കാന്താരി, പച്ചമുളക്, കോവൽ, തക്കാളി, ചീര, വഴുതന, മഞ്ഞൾ എന്നിവയാണ് നട്ടിരുന്നത്.

14. പുനർജനി പദ്ധതിയുമായി സംയോജിച് കണ്ണങ്കര പ്രേദേശത്തെ പച്ചക്കറി കൃഷിക്ക് നിലമൊരുക്കൽ(IF/371577)

എസ്റ്റിമേറ്റ് പ്രകാരം കണ്ണങ്കര പ്രേദേശത്തെ പല വീടുകളിലായ് പച്ചക്കറി നട്ടതായ് അറിയാൻ കഴിഞ്ഞു. ചില വീടുകളിൽ അതിന്റെ ശേഷിപ്പുകളും കാണാൻ കഴിഞ്ഞു. പാവൽ, പയർ, കോവൽ, വഴുതന, ചേമ്പ്, മുളക് തുടങ്ങിയവയാണ് കൃഷി ചെയ്തിരുന്നത്. അതിൽ നിന്നും നല്ല രീതിയിൽ വിളവ് ലഭിച്ചതായും അറിയാൻ കഴിഞ്ഞു.

15. കണ്ണങ്കര ഭാഗം വേപ്പിൻ തൈ നേഴ്സറി ( IF/270199)

13 തൊഴിലാളികൾക്കായി 2800 വേപ്പിൻ തൈകൾ ലഭിച്ചിരുന്നു. വെള്ളപ്പൊക്കത്തിൽ നശിച്ചതിനെ തുടർന്ന് പല വീടുകളിലായി പുതിയ തൈകൾ നട്ടു പരിപാലിക്കുന്നു. നിലവിൽ 2510 തൈകൾ കാണാൻ സാധിച്ചു.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞില്ല.

16. കണ്ടനാട് ഭാഗം വേപ്പിൻതൈ നഴ്സറി ( DP/270198 )

M ബുക്ക് പ്രകാരം 10 തൊഴിലാളികൾ 1700 ഓളം തൈകൾ വെച്ചുപിടിപ്പിച്ചു. നശിച്ചുപോയവയ്ക്കു പകരം പുതിയ തൈകൾ നട്ടുപിടിക്കുകയും ചെയ്തു. നിലവിൽ 2000 ഓളം തൈകൾ കാണാൻ സാധിച്ചു.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞില്ല.

17. ടോയ്ലറ്റ് നിർമാണം - ജയ സജീവൻ ( IF/335077 )

എസ്റ്റിമേറ്റ് പ്രകാരം ഗുണഭോക്താവിന് 3252 കൂലിയിനത്തിനും, മെറ്റീരിയൽ ഇനത്തിൽ 8748 രൂപ നൽകിയിട്ടുണ്ട്. ഫീൽഡ് പരിശോധനയിൽ വ്യക്തിഗത കക്കൂസ് നിർമാണം നടന്നിട്ടുള്ളതായും, ജയ സജീവന് 12000 രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

18. ടോയ്ലററ് നിർമാണം ചന്ദ്രമതി കൈതക്കാട് ( RS/335710)

എസ്റ്റിമേറ്റ് പ്രകാരം ഗുണഭോക്താവിന് 3252 കൂലിയിനത്തിനും, മെറ്റീരിയൽ ഇനത്തിൽ 8748 രൂപ നൽകിയിട്ടുണ്ട്. എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞു.

## അവകാശനിഷേധങ്ങൾ

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിലിട സൌകര്യങ്ങളായ തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവ തൊഴിലിടങ്ങളിൽ പലതിലും കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവ് എടുത്ത് ഇത്തരം സൗകര്യങ്ങൾ ഉറപ്പാക്കുന്നു.

100 തൊഴിൽ ദിനങ്ങൾ ചെയ്തതിന്റെ ബോണസ് തുക ഇതുവരെയും ലഭിച്ചിട്ടില്ല. പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിക്കുന്നില്ല. തൊഴിൽ ആവശ്യപ്പെട്ട ശേഷം 15 ദിവസങ്ങൽകുള്ളിൽ തൊഴിൽ ലഭ്യമാകുകയോ, വേതനം ലഭികുകയോ ചെയുന്നില്ല. തൊഴിൽ ആവശ്യപ്പെട്ടതിനുള്ള രസീത് ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല.

പുതിയ തൈകൾ വാങ്ങുന്നതിനും വളം ഇടുന്നതിനുമായി തൊഴിലാളികൾ പിരിവിട്ടു ചിലവ് കണ്ടെത്തുന്നു.

## *നിരീക്ഷണങ്ങളും കണ്ടെത്തലുകളും*

ജോബ് കാർഡിൽ തൊഴിലാളികൾ ജോലി ചെയ്തതും വേതനം ലഭിച്ചതുമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പാസ് ബുക്ക് കൃത്യമായി പതിപ്പിച്ചിട്ടില്ല. തൊഴിൽ കാർഡ് പരിശോധനയിൽ കാർഡുകളിൽ വെട്ടിത്തിരുത്തലുകൾ കണ്ടിരുന്നു.

രണ്ട് പ്രവർത്തിസ്ഥലങ്ങളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല. എം-ബുക്കിൽ CIB തുക പാസാക്കിയിട്ടുണ്ട്. മെറ്റീരിയൽ രജിസ്റ്റർ പ്രകാരം വാർഡിലെ ഒരു മേറ്റിന്റെ അക്കൌണ്ടിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിനുള്ള തുക നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ യാതൊരു പരാതിയും ഉണ്ടായിട്ടില്ല.

മൂന്നു വർഷം തുടർച്ചയായി തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസം തൊഴിൽ ലഭ്യമാകുന്ന തരത്തിൽ 3 വർഷം പരിപാലനം നൽകിയാണ് ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കൽ പ്രവർത്തികൾ നടത്തുന്നത്. വിവിധയിനം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെ വിഷരഹിതമായ ഫലങ്ങൾ വരും തലമുറയ്ക്കും ലഭ്യമാകും. ഇതിലൂടെ മണ്ണിലേക്ക് ജലം എത്തുന്നതിനും അന്തരീക്ഷത്തിലെ ഓക്സിജൻ വർദ്ധിപ്പിക്കുന്നതിനും കഴിയും.

ഫലവൃക്ഷതൈകൾ നട്ടുപിടിപ്പക്കൽ പ്രവർത്തികളിൽ സ്ഥലപരിമിതിക്കും താഴ്ന്ന സ്ഥലത്തിനും അനുയോജ്യമായ തരത്തിലുള്ള വൃക്ഷങ്ങൾ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കുറച്ച് സ്ഥലത്ത് കൂടുതൽ വൃക്ഷതൈകൾ നട്ടുപരിപാലിച്ചിരിക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞു. ഇത് ചെടികളുടെ ശരിയായ വളർച്ചക്ക് തടസ്സം നിൽക്കുന്നു. പ്രസ്തുത പ്രവർത്തിയിൽ ശരിയായ വളപ്രയോഗം നടത്താൻ കഴഞ്ഞിട്ടില്ല. തൊഴിലാളികൾ സ്വന്തം കൈയ്യിൽ നിന്നും പണം പിരിച്ച് ചെടികൾക്ക് വളം നൽകേണ്ട അവസ്ഥയാണുള്ളത്. കൊടും വരൾച്ചയിലും മസ്റ്ററോൾ ഇല്ലാത്ത സമയങ്ങളിലും വറ്റി വരണ്ട കുളങ്ങൾ വെട്ടി നട്ടു വളർത്തിയ ഫലവൃക്ഷതൈകൾ വിഷരഹിതമായ ഫലങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

# ഗ്രാമസഭ മിനുട്സ്

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് വാർഡ് 10 (കണ്ണങ്കര) സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 4/11/2019, തിങ്കളാഴ്ച ഉച്ചയ്ക്ക്2.30 മുതൽ പനങ്ങാട് വെളിയിൽ ചേർന്നു.

ഗ്രാമ സഭയക്ക് തൊഴിലാളിയായ ശ്രീമതി ഉഷ അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാത്ഥനയോടെ ഗ്രാമസഭ ആരംഭിച്ചു. വാർഡ് മെമ്പർ യമുന എല്ലാവർക്കും സ്വാഗതം പറഞ്ഞു.

പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി ,NREGS accredited എഞ്ചിനീയർ, ഓവർ സീയർ, വികസന കമ്മറ്റി ചെയർമാൻ, CDS മെമ്പർ, മേറ്റ്മാർ, തൊഴിലാളികൾ എന്നിവർ പങ്കെടുത്തു.

1/10/2018 മുതൽ 31/3/2019 വരെ പൂർത്തീകരിച്ച 18 പ്രവർത്തികൾ ആണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയത്. തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട 10 അവകാശങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികളുടെ ഫയൽ , ഫീൽഡ് പരിശോനയിലെ കണ്ടെത്തലുകളും റിസോഴ്സ്പേഴ്സൺ അവതരിപ്പിച്ചു.

കരട് ഓഡിറ്റ് റിപ്പോർട്ടിൽ വാർഡ് 10 ൽ തൊഴിലിന് അപേക്ഷിച്ചതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും തൊഴിലാളികളുടെ 10 അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ലെന്നും, തൊഴിലിട സൗകര്യങ്ങൾ ലഭിക്കുന്നില്ല, വൃക്ഷതൈ നടീൽ പ്രവർത്തികളിൽ ഭു ഉടമയുമായി കരാർ വയ്ക്കുകയും ഏതു വസ്തുവിൽ ഏതൊക്കെ ചെടികൾ നട്ടുപിടിപ്പിക്കുന്നുവെന്നുള്ള കാര്യങ്ങൾ ഫയലിൽ സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചു. തുടർന്ന് ഫയലിലും ഫീൽഡിലുമായി കണ്ടെത്തിയ കാര്യങ്ങൾ ഗ്രാമസഭ വിശദമായി ചർച്ച ചെയ്തു.

VRP മാരായ പ്രതീക്ഷ പ്രകാശൻ, പ്രവീണ പ്രകാശൻ, നിഷ പുഷ്ക്കരൻ, ശ്രീലക്ഷ്മി ശ്രീകുമാർ എന്നിവർ ചേർന്ന് ഗ്രാമസഭ റിപ്പോർട്ട് അവതരിപ്പിച്ചു. ശേഷം തൊഴിലാളികൾ അവരുടെ അഭിപ്രായങ്ങളും, പരാതികളും, ആശങ്കകളും, ആവശ്യങ്ങളും പങ്കുവെച്ചു.

## തൊഴിലാളികളുടെ പ്രസക്തമായ അഭിപ്രായങ്ങൾ

1.ശാന്തി - സ്വന്തം ചിലവിൽ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്, പൈസ ലഭിക്കുന്നില്ല.

2.രാധ - കണ്ണങ്കര ഭാഗം വേപ്പിൻ തൈ നഴ്സറിക്ക് ബോർഡ് നൽകിയിട്ടില്ല

(പ്രസിഡന്റ് - ബോർഡ് നൽകിയിട്ടുണ്ട്. )

## ഫയൽ പരിശോധന റിപ്പോർട്ട്ന്റെ മറുപടി

*രെഹന ഓവർസീർ- NREGS

1.തൈകൾ തമ്മിലുള്ള അകാലത്തിന്റെ കാര്യം തൊഴിലാളികൾക്ക് ക്ലാസ്സ് കൊടുത്തതാണ്. എന്നാൽ സ്ഥല പരിമിതി മൂലമാണ് ഇത് കൃത്യമാകാത്തത്.

2.FTO & WAGELIST ന്റെ കുറവ് വന്നത് പ്രിന്റർ കംപ്ലയിന്റ് ആയതിനാൽ ആണ്. ഇനി ആവർത്തിക്കാതെ സുക്ഷിക്കാം. ഫണ്ട് കൃത്യമായി തൊഴിലാളികളുടെ അക്കൗണ്ട് ലേക്ക് പോയിട്ടുണ്ട്.

3. പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രത്തിൽ വിവരങ്ങൾ പൂർണമായി ചേർക്കാൻ കഴിയാത്തത് ധാരാളം വർക്കുകൾ ഉള്ളതിനാൽ ആണ്.

4. 2017 secure സോഫ്റ്റ്വെയർ ഇൽ തൊഴിലുപകരണങ്ങളുടെ വാടക, ഫസ്റ്റ് എയ്ഡ് എന്നിവ കൊടുക്കേണ്ട ഓർഡർ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ആണ് നൽകാൻ കഴിയാത്തത്.

5.വളത്തിന് പണം നൽകാത്തത് മെറ്റീരിയൽ ഫണ്ട് വരാത്തതിനാൽ ആണ്.

(പ്രസിഡന്റ് -പുനർജ്ജനി പദ്ധതിയെ തൊഴിലാളികൾ സ്വീകരിച്ചു എന്ന് അറിഞ്ഞാൽ. വീണ്ടും പച്ചക്കറി വിത്തുകൾ നൽകും )

പിന്നീട് BRP സീനമാഡം തൊഴിലാളികളോട് സംസാരിച്ചു. കൃത്യമായി തൊഴിലിട അവകാശങ്ങളെ കുറിച്ചും വിജിലൻസ് & മോണിറ്ററിങ് കമ്മറ്റി യുടെ പ്രാദാന്യത്തെ കുറിച്ചും ബോധവൽക്കരിച്ചു.

പിന്നീട് അധ്യക്ഷ ഉഷ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ സംസാരിച്ചു. പുസ്തകത്തിൽ കാണുന്ന ലാഘവത്തോടെ തൊഴിലുറപ്പ് നിയമത്തെ സമീപിക്കരുതെന്ന് പ്രസിഡന്റ് ജ്യോതിസ്സ് അഭിപ്രായപ്പെട്ടു.

5 മണിക്ക് വാർഡ് മെമ്പർ ശ്രീമതി യമുനയുടെ കൃതഞ്ജതയോടെ ഗ്രാമസഭ അവസാനിച്ചു.